ഉത്തരം

(എ) പഴക്കംചെന്ന ബസ്സുകൾ ഉപയോഗിച്ച് സർവ്വീസ് നടത്തേണ്ടിവരുന്നതാണ് കാര്യക്ഷമത കുറയുവാനുള്ള ഒരു പ്രധാന കാരണം. അതിനാൽ പഴക്കം ചെന്നതും വളരെയധികം അറ്റകുറ്റപണികൾ വേണ്ടിവരുന്നതുമായ ബസ്സുകൾക്ക് പകരം പുതിയ ബസ്സുകൾ നൽകുക, നിലവിലുള്ള റൂട്ടുകളിൽ ആവശ്യാനുസരണം കൂടുതൽ ഷെഡ്യൂളുകളേർപ്പെടുത്തുക എന്ന ഒരു നയം സ്വീകരിച്ച് നടപ്പാക്കി വരുന്നു.

(ബി) 1978-79-ൽ 231 പുതിയ ബസ്സുകൾ സർവ്വീസിനിറക്കിയിട്ടുണ്ട്. 1979-80-ൽ 487 പുതിയ ബസ്സുകൾ സർവ്വീസിനിറക്കുവാൻ ഉദ്ദേശിക്കുന്നു. ഇവയെല്ലാം പ്രധാനമായും പഴയ ബസ്സുകൾക്ക് പകരം ഉപയോഗിക്കുന്നതാണ്.

ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ പുന:സംവിധാനം

613 [873] ഡോ. ജോർജ് മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്പോർട്ട് കോർപ്പറേഷൻ പുന:സംവിധാനം ചെയ്യുന്നതിന് എന്തെങ്കിലും പരിപാടി ഗവൺമെന്റിനുണ്ടോ;

(ബി) ഇതിന്റെ വിവിധ വശങ്ങളെപറ്റി ചിന്തിക്കുന്നതിന് ഗവൺമെന്റ് കോൺഫറൻസുകളും മറ്റും നടത്തിയതിന്റെ വിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ,ബി) ഉണ്ട്. കോർപ്പറേഷനിലെ യൂണിയനുകളുമായികൂടി ചർച്ച നടത്തിയതിനു ശേഷം നടപടികളെടുക്കാമെന്നു കരുതുന്നു. ഇതു സംബന്ധിച്ച കോൺഫറൻസ് ഇതുവരെ നടന്നിട്ടില്ല.

ഓപ്പറേറ്റിംഗ് സ്റ്റാഫിനെ നിയമിക്കാൻ നടപടി

614 [875] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

ഭാരിച്ച ശമ്പളം നൽകേണ്ടിവരുന്ന പുതിയ തസ്തികകൾ ഉണ്ടാക്കുന്നതിന് പകരം ബസ്സുകൾക്കാവശ്യമായ ഓപ്പറേറ്റിംഗ് സ്റ്റാഫിനെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

ഓപ്പറേറ്റിംഗ് സ്റ്റാഫിനെ നിയമിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഭാരിച്ച ശമ്പളം നൽകേണ്ടിവരുന്ന പുതിയ തസ്തികകൾ ഉണ്ടാക്കുന്നു എന്ന സൂചന ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly